STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.327/PR/SPMC/PHQ/2020 Date : 06.06.2020

## പോലീസ് സ്റ്റേഷനുകളിൽ പരാതി ഓൺലൈൻ ആയി സ്വീകരിക്കും

കൂടുതൽ കോവിഡ് കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പോലീസ് സ്റ്റേഷനുകളിൽ പരാതികൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിന് പ്രാധാന്യം നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശിച്ചു. ഓൺലൈനിൽ കിട്ടുന്ന പരാതികൾക്ക് എത്രയും വേഗം തീർപ്പുകൽപ്പിക്കും. പരാതിക്കാർക്ക് ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ മറുപടി നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ട്രെയിനുകളിൽ റെയിൽവേ സ്റ്റേഷനുകളിൽ എത്തുന്നവർക്ക് വീടുകളിലേക്ക് പോകാനുള്ള യാത്രാസൗകര്യം ലഭിക്കുന്നില്ലെന്ന് പരാതി ഉയർന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടത്തെ സഹായിക്കാനും ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കാനും പോലീസ് ശ്രമിക്കും. വിമാനത്താവളങ്ങളിൽ എത്തുന്നവർ ബസുകളിൽ കയറിയിരുന്നശേഷം അടുത്ത വിമാനത്തിൽ എത്തുന്നവർക്കായി ബസുകൾ മണിക്കൂറുകളോളം കാത്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് പരിഹാരം കണ്ടെത്തണം.

നിർമ്മാണ സാമഗ്രികളുടെ വില യാതൊരു അടിസ്ഥാനവുമില്ലാതെ ചില കടക്കാർ വർദ്ധിപ്പിക്കുന്നുണ്ട്. ഇത് തടയുന്നതിന് ജില്ലാ ഭരണകൂടവുമായി ചേർന്ന് നടപടി സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

*********************